# STD - XII

## അദ്ധ്യാപക സഹായി

**പാഠം – അഞ്ച്  മാനവസമൂഹം  ഭാഗം – ഒന്ന്**

### ലക്ഷ്യം

ഓരോ മനുഷ്യനും അവനവന്റെ മഹത്വമറിഞ്ഞ് ദൈവത്തേയും സമൂഹത്തേയും അറിയണം. മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നതിലാണ് മനുഷ്യവ്യക്തിയുടെ മാഹാത്മ്യം. കൃപാവരത്തിൽ വളരുകയും പക്വത പ്രാപിക്കുകയും ചെയ്യുന്ന ധാർമിക ജീവിതം ഒരുവനെ സ്വർഗീയ മഹത്വത്തിൽ, അതിന്റെ പൂർണതയിൽ എത്തിക്കുന്നു. മാനവസമൂഹത്തിനുള്ള യേശുവിന്റെ മാഗ്നാകാർട്ടയാണ് സുവിശേഷഭാഗ്യങ്ങൾ. ദൈവകല്പനയ്ക്കനുസരിച്ച് ജീവിക്കുവാൻ സുവിശേഷഭാഗ്യങ്ങൾ നമ്മെ സഹായിക്കുന്നു.

### പഠനസഹായികൾ

* "Know yourself " – സോക്രട്ടീസ് "നിങ്ങൾ ചോദ്യങ്ങൾ ഉന്നയിക്കുന്നവരാകുക" – ഇവ എഴുതിയ കാർഡ്
* വചനം – റോമ. 6:17,18, 2 കോറി. 3:17, സങ്കീ. 119:105, മാർക്കോസ് 7:21, മത്താ. 5:3–12, ലൂക്ക. 6:20–26
* സുവിശേഷഭാഗ്യങ്ങൾ എഴുതിയ word cards
* മനഃസാക്ഷിയില്ലാതെ പെരുമാറുന്ന ഒരു ഉദ്യോഗസ്ഥന്റെ കഥ പറയുക

### പാഠത്തിന്റെ ഉള്ളടക്കം

* മനുഷ്യവ്യക്തിയുടെ മാഹാത്മ്യവും വെല്ലുവിളിയും
* മനുഷ്യന്റെ വീഴ്ചയിൽ നിന്നുള്ള രക്ഷ
* സുവിശേഷഭാഗ്യങ്ങൾ
* മനുഷ്യന്റെ സ്വാതന്ത്ര്യവും ഉത്തരവാദിത്വവും
* മാനുഷിക പ്രവൃത്തികളുടെ ധാർമികത
* മനുഷ്യവികാരങ്ങളുടെ ധാർമികത
* മനുഷ്യനും മനഃസാക്ഷിയും
* കേന്ദ്രബിന്ദുവായ മനുഷ്യനും സമൂഹവും

## പ്രാർത്ഥന

ദൈവമേ, എന്റെ മനഃസാക്ഷിയുടെ സ്വരം കേൾക്കാനും അതനുസരിച്ചു പ്രവർത്തിച്ച് അപരന് നന്മ ചെയ്യുവാനുള്ള കൃപാവരം അങ്ങ് തന്നരുളേണമേ. ആമ്മേൻ

## ചോദ്യങ്ങൾ

1. മനുഷ്യന്റെ ഏറ്റവും നിഗൂഢമായ ഉള്ളറയും വിശുദ്ധസ്ഥലവും ഏത്?
2. ഏറ്റവും അടിസ്ഥാനപരമായ വികാരം ഏത്?
3. മനുഷ്യന്റെ സ്വാതന്ത്ര്യം പൂർണത പ്രാപിക്കുന്നത് എപ്പോൾ?
4. ഈ ലോകത്തിൽ നാം സ്ഥാപിക്കപ്പെട്ടിരിക്കുന്നത് എന്തിന്?
5. യേശുവിന്റെ സുവിശേഷഭാഗ്യങ്ങൾ രണ്ടു ഗ്രൂപ്പുകളായി തിരിഞ്ഞു വായിക്കുക. അതിൽ അടങ്ങിയിരിക്കുന്ന ക്രിസ്തീയദർശനമനുസരിച്ച് ഇന്ന്, നാം ജീവിക്കുന്ന ലോകം ഉയർത്തുന്ന വെല്ലുവിളികളെ എങ്ങനെ അതിജീവിക്കാമെന്നു കണ്ടെത്തി ഒരു ഡിബേറ്റ് സംഘടിപ്പിച്ച് റിപ്പോർട്ട് തയ്യാറാക്കുക.

# STD - XII

## അദ്ധ്യാപക സഹായി

**പാഠം - അഞ്ച്   മാനവസമൂഹം   ഭാഗം - രണ്ട്**

### ലക്ഷ്യം

നന്മ ചെയ്യുന്നത് ശീലമാക്കിയ സുസ്ഥിരമനോഭാവമാണ് സുകൃതം. മനുഷ്യന്റെ യുക്തിയുടേയും ഇച്ഛാശക്തിയുടേയും അചഞ്ചലമനോഭാവങ്ങളാണ് മാനുഷിക സുകൃതങ്ങൾ. മൗലികധർമം നിർവഹിക്കുന്ന സുകൃതങ്ങളുമുണ്ട്. മനുഷ്യനെ നേരിട്ട്, ദൈവത്തോട് ബന്ധപ്പെടുത്തുന്നവയാണ് ദൈവിക സുകൃതങ്ങൾ. മാനവസമൂഹങ്ങളുടെ ഭരണകർത്താക്കൾ ദൈവിക പരിപാലനയുടെ ശുശ്രൂഷകരായിരിക്കണം. ക്രൈസ്തവ വീക്ഷണത്തിൽ അധികാരം ദൈവത്തിൽ നിന്നാണ് വരുന്നത്. പൗരന്റെ അവകാശങ്ങളും കടമകളും അറിഞ്ഞിരിക്കണം. കുടുംബം വിശ്വാസത്തിന്റേയും പ്രത്യാശയുടേയും സ്നേഹത്തിന്റേയും സമൂഹമാണ്. സ്നേഹമാണ് ഏറ്റവും വലിയ സാമൂഹിക കൽപന. സഭയുടെ പ്രബോധനാധികാരം പിന്തുടരുക.

### പഠനസഹായികൾ

* മൗലിക സുകൃതങ്ങളുടേയും ദൈവിക സുകൃതങ്ങളുടേയും കാർഡ്
* പരിശുദ്ധാത്മദാനങ്ങളുടേയും ഫലങ്ങളുടേയും ചാർട്ടുകൾ
* പൗരന്റെ കടമകളും അവകാശങ്ങളും വ്യക്തമാക്കുന്ന ചെയിൻ കാർഡ്സ്
* വചനം - 1 കോറി. 13:13, റോമ. 1:17, ഗലാ.5:22-23, റോമ. 13:12

### പാഠത്തിന്റെ ഉള്ളടക്കം

* മാനുഷിക സുകൃതങ്ങൾ - മൗലികസുകൃതങ്ങൾ - ദൈവികസുകൃതങ്ങൾ
* പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും.
* രാഷ്ട്രവും അധികാരവും - പൗരന്റെ അവകാശങ്ങളും കടമകളും.
* ക്രൈസ്തവ കുടുംബം - അംഗങ്ങളുടെ കടമകൾ
* കുടുംബം രക്ഷിക്കാൻ രാഷ്ട്രാധികാരികൾ ചെയ്യേണ്ട കാര്യങ്ങൾ.
* മാനവസമൂഹവും സഭയും - സഭയുടെ പ്രബോധനാധികാരം, സഹാനുഭാവം നമ്മിൽ വളരേണ്ട സുകൃതം.

### പ്രാർത്ഥന

ദൈവമേ, പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ അനുസരിച്ച് ജീവിക്കുവാനുള്ള അനുഗ്രഹം എനിക്കു തന്നരുളേണമേ.  ആമ്മേൻ.

## ചോദ്യങ്ങൾ

1. മൗലികധർമ്മങ്ങൾ നിർവഹിക്കുന്ന നാലു സുകൃതങ്ങൾ ഏതെല്ലാം?
2. പരിശുദ്ധാത്മാവ് നമ്മിൽ രൂപപ്പെടുത്തുന്ന ഫലങ്ങൾ എഴുതുക.
3. പൗരന്റെ കടമകളെ എത്രയായി തിരിക്കാം? ഏതെല്ലാം?
4. കുടുംബത്തെ വിശേഷിപ്പിക്കുന്ന 4 വിശേഷണങ്ങൾ എഴുതുക
5. സഭയുടെ പ്രബോധനാധികാരത്തെക്കുറിച്ച് കുറിപ്പെഴുതുക.

## പ്രവർത്തനം

മാനവികതയ്ക്ക് തുരങ്കംവയ്ക്കുന്ന കാര്യങ്ങൾ വിലയിരുത്തി ഒരു കൊളാഷ് തയ്യാറാക്കുക.